# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 5286/25 തിയ്യതി : 31.07.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

ടി.കെ. പ്രസന്ന
29/675 - 2, വൃന്ദാവൻ
ഷൊർണ്ണൂർ റോഡ് — പരാതിക്കാരൻ
തൃശ്ശൂർ - 680 022.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നമ്പർ : 12014 – B, കൃഷ്ണൻ. ടി.ആറിന്റെ പേരിലുള്ള സർവ്വീസ് കണക്ഷനിൽ ബില്ലുകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഓൺലൈനിൽ ബിൽ അടയ്ക്കുവാൻ സാധിക്കുന്നില്ല എന്നതാണ് പരാതി.

**ഫോറത്തിന്റെ നടപടികൾ :**

29.07.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. വിഷയത്തിൽ സത്യവാങ്മൂലം ലഭ്യമാക്കുന്നതിനായി ലൈസൻസിയോട് ആവശ്യപ്പെട്ടു.

**വിഷയത്തിൽ കമ്പ്യൂട്ടർ സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

TCED online payment website വഴി ബിൽ പേമെന്റ് നടത്തുവാൻ ശ്രമിച്ചതിൽ no bill found എന്ന error കാരണം പേമെന്റ് നടത്തുവാൻ സാധിച്ചില്ല എന്നാണ് പരാതിയിൽ ഉന്നയിച്ചിരിക്കുന്നത്. സാധാരണയായി മീറ്റർ റീഡിങ്ങിനു ശേഷം ബില്ലിങ്ങ് അസിസ്റ്റന്റ് ബില്ല് വെരിഫൈ ചെയ്ത് confirm നൽകാതിരിക്കുമ്പോഴോ, തെറ്റായ ബിൽ ഡീറ്റെയിൽസ് എന്റർ ചെയ്യുമ്പോഴോ ആണ് പ്രസ്തുത error message ലഭിക്കുന്നത്. ആയതിനാൽ issue web portal മുഖേനയുള്ളത് അല്ല എന്ന വിവരം അറിയിച്ചു കൊള്ളുന്നു. കൂടാതെ കൺസ്യൂമർ 30.07.25 ന് വെബ്സൈറ്റ് വഴി പേമെന്റ് നടത്തിയതായും കാണുന്നു.

**ഫോറത്തിൻെറ നിഗമനം :**

മീറ്റർ റീഡിങ്ങ് എടുത്ത് ഉപഭോക്താവിന് ബില്ല് ലഭിച്ചാലും, ബില്ലിങ്ങ് അസിസ്റ്റന്റ് പരിശോധിച്ച് രണ്ട് പ്രവൃത്തി ദിവസത്തിനു ശേഷമാണ് പ്രസ്തുത ബിൽ അടവാക്കുന്നതിന് സാധിക്കുകയുള്ളൂ.

**ഉത്തരവ് നടപടികൾ :**

ബിൽ തുക അടവാക്കിയതിനാൽ പരാതി തീർപ്പാക്കി ഉത്തരവാകുന്നു.

അഡ്വ. അസിയ.പി.കെ
മെമ്പർ

വിനുകൃഷ്ണൻ. കെ
മെമ്പർ

ടി.എസ്. ജോസ്
ചെയർപേഴ്സൺ